**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 486** **23-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടാൻ തീരുമാനിച്ചിരുന്നോ; ; | (എ) | കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതി കൂട്ടാൻ തീരുമാനിക്കുകയും ആയത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ; | (ബി) | പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ചവറയാണ് ഈ പ്രവൃത്തി ചെയ്യുന്നതിന് നിയോഗിച്ചിരുന്നത്. |
| (സി) | വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി വൻതോതിൽ ധാതുമണൽ കടത്തുന്നതിന് അനുമതി നൽകിയാൽ ആയത് പരിസരവാസികളെയും മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ? | (സി) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കടലിലേക്കുള്ള സുഗമമായ ജലനിർഗമനത്തിന് തടസ്സമാകുന്ന വിധത്തിൽ അഴിമുഖത്തിന്റെ അടിത്തട്ടിൽ അധികമായുള്ള മണ്ണും ചെളിയുമാണ് നീക്കം ചെയ്യുന്നത്. അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടുന്നതിന് ശാശ്വതപരിഹാരമായി പുലിമുട്ട് നിർമ്മിക്കുന്നത് പരിഗണനയിലാണ്. ആയതിലേയ്ക്കുള്ള പഠനം ചെന്നൈ ഐ.ഐ.റ്റി വഴി നടത്തുന്നുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കി കഴിഞ്ഞാൽ പരിസരവാസികളെയും മത്സ്യത്തൊഴിലാളികളേയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ